**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5343** **02-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭരണസമിതിയ്ക്ക് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് കേരള സഹകരണ സംഘം നിയമപ്രകാരം അധികാരവും അവകാശവുമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയന്റെ ഭരണച്ചുമതല 16.02.2021 മുതൽ അഡ്മിനിസ്ട്രേറ്റർ ഏറ്റെടുക്കുകയും തുടർന്ന് 01.06.2021-ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്ക് ഭരണച്ചുമതല കൈമാറുകയും ചെയ്തു. കേരള സഹകരണ നിയമം വകുപ്പ് 33 (1A) 2 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്കുണ്ട്. |
| (ബി) | കേരള സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി ഭരണ സമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയെ അധികാരമേല്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കേരള സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി ഭരണ സമിതി കൈക്കൊണ്ടി ട്ടുള്ള തീരുമാനങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിന് തൊട്ടു മുൻപുള്ള പൊതുയോഗത്തിൽ ബൈലോ ഭേദഗതി വരുത്തി പൊതുയോഗം അംഗീക രിക്കുകയും കൂടാതെ, കേരള സഹകരണ സംഘം നിയമം വകുപ്പ് 28 (1k) പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട ഭരണസമിതി അംഗങ്ങളുടെ ജില്ലാ പ്രാതിനിധ്യവും, സംവരണവും (5ജനറൽ, 3വനിത, 1 SC / ST) തീരുമാനിച്ച് പൊതുയോഗത്തിന്റെ അഗീകാരം ലഭിച്ചിരിക്കേണ്ടതുമാണ്. പൊതു യോഗത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കേണ്ടത് |
| (സി) | ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി അറിയിക്കാമോ; തെരഞ്ഞെടുപ്പ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | ഭരണസമിതി തെരഞ്ഞെടുപ്പ് തീയതി തീരുമാനിച്ചിട്ടില്ല. തെരഞ്ഞെടുപ്പിന് തൊട്ടു മുൻപുള്ള പൊതുയോഗത്തിൽ ബൈലോ ഭേദഗതി വരുത്തി പൊതുയോഗം അംഗീകരിക്കുകയും കൂടാതെ, കേരള സഹകരണ സംഘം നിയമം വകുപ്പ് 28 (1k) പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട ഭരണസമിതി അംഗങ്ങളുടെ ജില്ലാ പ്രാതിനിധ്യവും സംവരണവും (5 ജനറൽ, 3 വനിത, 1 SC/ST) തീരുമാനിച്ച് പൊതു യോഗത്തിന്റെ അംഗീകാരം തേടേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | | | പൊതുയോഗത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കേരള സഹകരണ നിയമം അനുസരിച്ച് പ്രസ്തുത യൂണിയനിൽ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം അനുവദനീയമാണോ എന്ന് വ്യക്തമാക്കാമോ; ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം നടത്തുന്നതിന് ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമുണ്ടോ; ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാത്ത നിയമനങ്ങൾ നിയമപരമായി നിലനിൽക്കുമോ; ഇത് സംബന്ധിച്ച നിയമ വ്യവസ്ഥ വ്യക്തമാക്കാമോ; | (ഡി) | കേരള സഹകരണ ചട്ടം 185 A പ്രകാരം ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം അനുവദനീയമാണ്. ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം നടത്തുന്നതിന് ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമുണ്ട്. കേരള സഹകരണ ചട്ടം 185 A–യിലെ ഇത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ പ്രകാരമാണ് ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നടത്തേണ്ടത്. |
| (ഇ) | ഡയറി രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാതെ ഡെപ്യൂട്ടേഷൻ മുഖേന നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഇ) | ഇപ്രകാരം നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ബോധ്യമാകുന്ന പക്ഷം നടപടി കൈക്കൊള്ളുന്നതിന് രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ